## പതിമൂന്നാം കേരള നിയമസഭ
### ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2893 — 20.06.2013-ൽ മറുപടിയ്ക്ക്

### റോഡ് ഫണ്ട് ബോർഡ് ഏറ്റെടുക്കുന്ന റോഡുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. പി.റ്റി.എ.റഹീം | | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) | നഗരവികസന പദ്ധതിയിൽ റോഡ് ഫണ്ട് ബോർഡ് ഏറ്റെടുക്കുന്ന റോഡുകൾ നഗരാതിർത്തികളിലെ വിജനമായ സ്ഥലങ്ങളിൽ അവസാനിപ്പിക്കുന്നതു മൂലം റോഡിന്റെ ഗുണഫലങ്ങൾ ലഭ്യമാകുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | വിശദമായ പഠനങ്ങളുടെ അടിസ്ഥാനത്തിലാണ് കേരള റോഡ് ഫണ്ട് ബോർഡ്, നഗര വികസന പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട റോഡുകൾ തെരഞ്ഞെടുക്കുന്നത്. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകൾ വിജനമായ സ്ഥലങ്ങളിൽ അവസാനിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | കോഴിക്കോട് സി.ഡബ്ല്യൂ.ആർ.ഡി.എം റോഡ് മിൽമ വരെയും ഐ.ഐ.എം വരെയും നീട്ടുന്നതിനുള്ള നിർദ്ദേശം പരിഗണിക്കുന്നുണ്ടോ ; | (ബി) | കോഴിക്കോട് സി.ഡബ്ല്യൂ.ആർ.ഡി.എം റോഡ് മിൽമ ജംഗ്ഷൻ വരെ നീട്ടുന്നതിനുള്ള നിർദ്ദേശം പരിഗണനയിൽ ഉണ്ട്. |
| (സി) | ഇത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (സി) | ഇത് സംബന്ധിച്ച് പഠനം നടത്തുന്നതിന് ബാംഗ്ലൂർ ആസ്ഥാനമായ സി.ഡി.എം സ്മിത്ത് എന്ന കൺസൾട്ടന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ